**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2429**
**06.12.2018 ൽ മറുപടി നൽകേണ്ടത്**

**സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ**

**ചോദ്യം**
ശ്രീ. വി ഡി സതീശൻ

**മറുപടി**
ഡോ.ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ അർഹത പരിശോധിക്കുന്നതിനായി ടാബുകളും സ്കാനറുകളും വാങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യം വിശദമാക്കാമോ; | നിലവിൽ സംസ്ഥാനത്ത് 44 ലക്ഷത്തോളം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 34.43 ലക്ഷമായിരുന്നു പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ഇപ്പോൾ 44.27 ലക്ഷമാണ്. ഇവർക്ക് തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. മരണപ്പെട്ട പെൻഷനർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൃത്യമായ വിവരത്തിന്റെ അഭാവത്തിൽ പെൻഷൻ അയയ്ക്കുന്ന സാഹചര്യം പോലും ശ്രദ്ധയിൽ വന്നിട്ടുണ്ട്.<br>മാത്രമല്ല, തികച്ചും അനർഹരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിലാണ് പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ വീടുകളിൽ എത്തി പരിശോധിക്കാൻ ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/എസ് എ എസ് ഏജന്റുമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചത്. ഇത്തരത്തിൽ നടക്കുന്ന സർവ്വേയിൽ ഗുണഭോക്താവിന്റെ ബയോമെട്രിക് വിവരങ്ങൾ ഉൾക്കൊള്ളുന്നതിനും ഗുണഭോക്താവിന്റെ വിവരങ്ങൾ ഫീൽഡിൽ വച്ച് |

| | | |
|---|---|---|
| | | തന്നെ സേവനയിൽ ഉൾക്കൊള്ളിക്കുന്നതിലേക്കമാണ് ഇത്തരത്തിൽ ടാബ്ലകളും സ്കാനറുകളും വാങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | എത്രകോടി രൂപയാണ് ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതെന്നും ഏത് ഏജൻസി വഴിയാണ് ഇവ വാങ്ങുന്നതെന്നും വിശദമാക്കാമോ; | 23.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടാബ്ലകളും സ്കാനറുകളും വാങ്ങുന്നതിന് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം വിഭാഗത്തിലുള്ള ഗുണഭോക്താക്കളെയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കുന്നതെന്ന് വിശദീകരിക്കാമോ; | നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുമാത്രമായിരിക്കും സർവ്വേ നടക്കുക |
| (ഡി) | ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കുന്നത് ഏതു വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ കമ്പ്യൂട്ടർ മേഖലയിലെ പരിചയം വിശദമാക്കാമോ? | ദേശീയ സമ്പാദ്യ പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/ എസ് എ എസ് ഏജന്റുമാരെയാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ നിയോഗിച്ചിട്ടുള്ളത്. ഇത്തരത്തിൽ സർവ്വേയുടെ ആവശ്യത്തിലേക്ക് ടാബ്ലകൾ നൽകുകയും ഗുണഭോക്താവിന്റെ പെൻഷൻ ഐ ഡി ഉൾപ്പെടെയുള്ള വിവരങ്ങൾ ടാബിൽ കോമ്പോ ആയി തെളിയുകയും ചെയ്യുന്ന തരത്തിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. വളരെ ആയാസരഹിതമായി സർവ്വേ നടത്താൻ കഴിയുന്ന തരത്തിലാണ് ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതും ഇതിലേക്ക് വിദഗ്ധ കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമില്ലാത്തതുമാണ്. ഇത്തരത്തിൽ ടാബ്ലകൾ ഉപയോഗിക്കുന്നതിന് ഐ ടി മിഷൻ മുഖാന്തിരം പരിശീലനവും നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**